# VI റൂളിംഗ്

## അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുന്നതിന്റെ നടപടിക്രമം സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ 27-7-1994-ൽ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച്

മിസ്റ്റർ സ്പീക്കർ: 1994-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിൽ 1994-ലെ കേരള അപ്രോപ്രിയേഷൻ (വോട്ട് ഓൺ അക്കൗണ്ട്) ആക്ടിൽപെടുത്തിയ തുകകൂടി ചേർത്തിട്ടുള്ളത് ശരിയല്ലെന്നും ഇതിനു മുൻപ് താൻ സ്പീക്കർ ആയിരുന്നപ്പോഴുംപ്പെടെ ഇപ്രകാരം ചെയ്തിട്ടുള്ള നടപടിയിലെ തെററു തിരുത്തണമെന്നുമാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്.

ബഡ്ജററ് മുഖേന ആവശ്യപ്പെടുന്ന തുകയുടെ ഒരു ഭാഗമാണ് വോട്ട് ഓൺ അക്കൗണ്ട് മോഷനിലും അതു സംബന്ധിച്ച വോട്ട് ഓൺ അക്കൗണ്ട് അപ്രോപ്രിയേഷൻ ആക്ടിലും ഉൾക്കൊള്ളുന്നത്. വോട്ട് ഓൺ അക്കൗണ്ട് മുഖേന സാധാരണയായി നാലുമാസത്തെ ചെലവുകൾക്കുള്ള തുകയാണ് ഗവൺമെൻറ് ആവശ്യപ്പെടുന്നതും സഭ അനുവദിക്കുന്നതും. അതുകൊണ്ട് വോട്ട് ഓൺ അക്കൗണ്ട് അപ്രോപ്രിയേഷൻ ആക്ട് മുഖേന നാലു മാസത്തേക്കുള്ള ചെലവുകൾ നടത്തുവാനുള്ള അധികാരമാണ് ഗവൺമെൻറിന് നൽകുന്നത്. നാലുമാസത്തേക്കുമാത്രം ആയുസ്സുള്ള നിയമമെന്ന നിലയിൽ ഇത് ഒരു expiring Act ആണ്. ബഡ്ജററ് സംബന്ധിച്ച അപ്രോപ്രിയേഷൻ ആക്ടിലൂടെ ഏപ്രിൽ ഒന്നു മുതൽ ഒരു വർഷത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുവാനുള്ള അധികാരമാണ് സഭ ഗവൺമെൻറിനു നൽകുന്നത്. ആ നിലയിൽ ഏപ്രിൽ ഒന്നു മുതൽ നാല് മാസത്തേക്കുമാത്രം നിലനിൽക്കുന്ന അപ്രോപ്രിയേഷൻ വോട്ട് ഓൺ അക്കൗണ്ട് ആക്ടിലെ തുകകൂടി ഏപ്രിൽ ഒന്നു മുതൽ ഒരു വർഷത്തെ ചെലവു നിർവ്വഹിക്കുന്നതിനധികാരപ്പെടുത്തുന്ന ബഡ്ജററു സംബന്ധിച്ച അപ്രോപ്രിയേഷൻ ആക്ടിൽ ഉൾപ്പെടുത്താത്തപക്ഷം നിയമപരവും സാങ്കേതികവുമായ ന്യൂനതകളും തകരാറുകളും ഉണ്ടാകും. അപ്രോപ്രിയേഷൻ വോട്ട് ഓൺ അക്കൗണ്ട് ആക്ടു മുഖേന ലഭിച്ച അധികാരമുപയോഗിച്ച് നിർവ്വഹിച്ച ചെലവുകൾക്ക് ഏപ്രിൽ ഒന്നു മുതൽ നാലുമാസത്തിനുശേഷം നിയമത്തിന്റെ പിൻബലം ഇല്ലാതാവുകയും അതനുസരിച്ചു ചെയ്ത ചെലവുകൾ അനധികൃതമാവുകയും ചെയ്യും. കൂടാതെ ബഡ്ജററ് സംബന്ധിച്ച അപ്രോപ്രിയേഷൻ ആക്ട് ഏപ്രിൽ ഒന്നു മുതലുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നതുകൊണ്ട് വോട്ട് ഓൺ അക്കൗണ്ട് അപ്രോപ്രിയേഷൻ ആക്ടിൽപ്പെടുത്തിയ തുകയും ബഡ്ജററിന്റെ ധനവിനിയോഗബില്ലിൽ ചേർക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ബഡ്ജററു സംബന്ധിച്ച് അപ്രോപ്രിയേഷൻ ബില്ലിൽ വോട്ട് ഓൺ അക്കൗണ്ട് അപ്രോപ്രിയേഷൻ ബില്ലിലെ തുക കൂട്ടിച്ചേർക്കുന്നത്. ലോകസഭയിലും ഇൻഡ്യയിലെ മററെല്ലാ നിയമസഭകളിലും ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമമിതാണ്. മുൻപും ഇപ്പോഴും ഇവിടെ സ്വീകരിച്ചുവരുന്ന നടപടിക്രമം ശരിയാണ്. ഇപ്പോൾ ഇത് പുനഃപരിശോധിക്കേണ്ട ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ക്രമപ്രശ്നത്തിന നിലനിൽപ്പില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : ഈ സെഷൻ തുടങ്ങിയ അവസരത്തിൽ സബ്ജക്ട് കമ്മിറ്റി-X-നെ സംബന്ധിച്ച് ഒരു ക്രമപ്രശ്നം ഞങ്ങൾ ഉന്നയിച്ചിരുന്നു. ഇപ്പോൾ ബഡ്ജറ്റിന്റെ ഡിസ്ക്കഷൻ കഴിഞ്ഞു. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയും കഴിഞ്ഞു. ഇതുവരെ അങ്ങ് അത് പരിശോധിച്ചില്ല.

മി. സ്പീക്കർ : അത് ഉടനെ വരുന്നുണ്ട്.

# VII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ശ്രീ. സത്യൻ മൊകേരി എഴുതിത്തന്ന ക്രമപ്രശ്നത്തിലെ ഇതേ കാര്യങ്ങൾ തന്നെ ഈ ബില്ലിന്റെ അവതരണവേളയിൽ വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഞാൻ അതിന് വിശദമായ റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. അതേ കാര്യം തന്നെയാണല്ലോ ഇപ്പോഴും ആവർത്തിക്കുന്നത്. അത് വിട്ടിട്ട് പുതിയ ക്രമപ്രശ്നമാണെങ്കിൽ പറയാം.

# VIII ക്രമപ്രശ്നം

## കേന്ദ്ര നിയമത്തിനെതിരായി സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ പാടില്ലെന്നതു സംബന്ധിച്ച്

ശ്രീ. സത്യൻ മൊകേരി : സർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി ബിൽ ഭരണഘടനാ വിരുദ്ധമായതിനാൽ പരിഗണനയ്ക്കെടുക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. ഇന്ന് ഒരു പുതിയ സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ പുതിയ സാഹചര്യം എന്നു പറയുന്നത് സംസ്ഥാന ഗവൺമെന്റുകൾ ഭരണഘടന ലംഘിച്ചുകൊണ്ട് ഈ നിയമം നിർമ്മിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ റൂറൽ ഡെവലപ്പ്മെന്റ് വകുപ്പ് സെക്രട്ടറി 3-3-1994 ൽ എല്ലാ സംസ്ഥാനങ്ങളിലേയും ചീഫ് സെക്രട്ടറിമാർക്ക് ഒരു കത്തയച്ചിട്ടുണ്ട്. ഇങ്ങനെ ഒരു കത്ത് അദ്ദേഹം അയയ്ക്കാനുള്ള സാഹചര്യം എന്താണെന്ന് വച്ചാൽ പാർലമെന്റു നിർമ്മിച്ചിട്ടുള്ള നിയമത്തിന് ഘടകവിരുദ്ധമായി